## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2854 　　　 20.06.2013 ൽ മറുപടിക്ക്

### നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമ പഞ്ചായത്തിൽ മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനായുള്ള അപേക്ഷയിന്മേൽ പാലക്കാട് സപ്ലൈകോ റീജിയണൽ മാനേജർ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. മാവേലി സ്റ്റോറിനായി കണ്ടെത്തിയ കെട്ടിടം അനുയോജ്യമാണെന്നും മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും എലവഞ്ചേരി പഞ്ചായത്ത് ലഭ്യമാക്കുമെന്നും റീജിയണൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പാലക്കാട് റീജിയണിൽ ജീവനക്കാരുടെ കടുത്ത അഭാവം നിലനിൽക്കുന്നതിനാൽ, പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. |
| (ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് മാവേലി സ്റ്റോർ അനുവദിക്കുന്നതിന് ആവശ്യമായ ഫണ്ട് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്, എത്ര രൂപ ലഭിച്ചു എന്ന് വിശദമാക്കുമോ; | (ബി) പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് വേണ്ടി ഒരു ലക്ഷം രൂപയുടെ ചെക്ക് എലവഞ്ചേരി പഞ്ചായത്ത് 01.03.2013 ന് സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പഞ്ചായത്തിൽ മാവേലി സ്റ്റോർ എന്ന് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | മാവേലി സ്റ്റോർ നടത്തുന്നതിനാവശ്യമായ ജീവനക്കാർ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ മാവേലി സ്റ്റോറിനുള്ള അനുമതി നൽകുന്നതാണ്. |

Beenau

സെക്ഷൻ ഓഫീസർ